**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 487** **09-08-2023 - ൽ മറുപടിയ്ക്ക്**

**ആസ്തിവികസന ഫണ്ട് മാനദണ്ഡങ്ങളുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് മാനദണ്ഡങ്ങളുടെ പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | എം.എൽ.എ. മാരുടെ നിരന്തരമായ ആവശ്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | ഇത് സംബന്ധിച്ച് എം.എൽ.എ. മാരുടെ അഭിപ്രായം സ്വീകരിച്ച് ക്രോഡീകരിക്കുന്ന നടപടികൾ പൂർണ്ണമായോയെന്ന് വിശദമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച് എം.എൽ.എ. മാർ ധനകാര്യ വകുപ്പിൽ നൽകിയ അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്. |
| (സി) | ആസ്തി വികസന ഫണ്ട് മാനദണ്ഡങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ എത്ര നാളിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്താമോ? | (സി) | ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗനിർദേശങ്ങളുടെ പരിഷ്കരണത്തിനുള്ള നടപടി പുരോഗതിയിലാണ്. കാലതാമസമില്ലാതെ പുതിയ മാർഗ്ഗനിർദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ